എൻ2/13980/2019/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി. 15/10/2019
ഫോൺ: 0471-2328438
ID – dgescholarshipd@gmail.com

## സർക്കുലർ-5

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - അപേക്ഷ സമർപ്പണം/സൂക്ഷ്മ പരിശോധന - സംബന്ധിച്ച നിർദ്ദേശങ്ങൾ.

സൂചന :- 1) ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി 07/08/2019, 15/10/2019
2) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ

2019-10 അദ്ധ്യയന വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) 2019 ഒക്ടോബർ 31 നു മുമ്പ് സമർപ്പിക്കുന്നതിന് സൂചനകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി മാത്രമേ അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളൂ. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള അവസാന തീയതി ഒരു സാഹചര്യത്തിലും ദീർഘിപ്പിച്ച് നൽകുന്നതല്ല. ആയതിനാൽ ഒക്ടോബർ 31 നു മുമ്പ് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കുന്നതിന് എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകൾ എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരും/ പ്രിൻസിപ്പാൾമാരും ശ്രദ്ധിക്കേണ്ടതാണ്.

**അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി, 31/10/2019**
**അപേക്ഷകൾ സൂഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ട അവസാന തീയതി. 15/11/2019**

### പൊതുനിർദ്ദേശങ്ങൾ

1. പ്രഥമാധ്യാപകർ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷ സൂഷ്മ പരിശോധന നടത്തുന്നതിന് മുമ്പ് സ്കൂൾ റീ-രജിസ്ട്രേഷൻ നടത്തേണ്ടതും സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
2. Profile edit ചെയ്യുന്നവർ സ്കൂളിന്റെ രജിസ്ട്രേഷൻ/അഫിലിയേഷൻ സർട്ടിഫിക്കറ്റ് (pdf) അപ്‌ലോഡ് ചെയ്താൽ മാത്രമേ തുടർന്നുള്ള ലിങ്കുകൾ ലഭിക്കുകയുള്ളൂ.
3. കോഴ്സ്/ക്ലാസ് അപ്ഡേഷൻ നടത്താനുള്ള സ്കൂളുകൾ Profile edit ചെയ്തശേഷം ആവശ്യമായ കോഴ്സ്/ക്ലാസ് വിവരങ്ങൾ കൂട്ടിച്ചേർക്കുകയോ, ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.
4. ഓരോ അപേക്ഷയും കൃത്യമായി പരിശോധിച്ച് അപാകതയില്ല എന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.

5. മുൻവർഷത്തെ സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പട്ടിക നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിന്നും Institute Login - ചെയ്ത് പരിശോധിക്കാൻ സാധിക്കുന്നതാണ്.

6. അപാകതയുള്ള അപേക്ഷകൾ ഡിഫക്ട് (diffect) ആയി രേഖപ്പെടുത്തിയ ശേഷം, കുട്ടികൾ തെറ്റുതിരുത്തി പുനഃസമർപ്പിക്കേണ്ടതും (Re-submit) പ്രഥമാധ്യാപകർ (15/11/2019 ന് മുൻപ് ) റീ-വെരിഫിക്കേഷൻ ലിങ്ക് വഴി അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതുമാണ്.

7. **നിലവിലുള്ള User ID/Password ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ സാധിക്കാത്ത സ്കൂളുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡയറക്ടറുടെ/ഉപഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.**

8. ഓൺലൈൻ അപേക്ഷയിലെഫീസ് സംബന്ധമായ തെറ്റുകൾ തിരുത്തുന്നതിന് പ്രഥമാധ്യാപകർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

9. **ഏതെങ്കിലും കുട്ടികളുടെ മൊബൈൽ ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ** എന്നീ **വിവരങ്ങൾ തെറ്റുതിരുത്തുന്നതിന്** സാധിക്കുന്നില്ലായെങ്കിൽ ഉടൻതന്നെ **scholarshipdpi@gmail.com, dgescholarship@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

10. സ്കൂൾ ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന കഴിഞ്ഞ വർഷത്തെ അർഹരായ കുട്ടികളുടെ (ബനിഫിഷ്യറി) പട്ടികയിലെ എല്ലാ കുട്ടികളും 2019-20 വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷ പുതുക്കി നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

11. സ്കൂളുകൾക്ക് ലഭിച്ചിട്ടുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള യൂസർ ഐ.ഡി യും പാസ് വേർഡും യാതൊരു വ്യത്യാസവും വരുത്താതെ അപ്ലൈ ചെയ്താൽ മാത്രമേ ഇൻസ്റ്റിറ്റ്യൂട്ട്/സ്കൂൾ ലോഗിൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

12. വ്യാജമായ (കള്ളമായ) അപേക്ഷകൾ ഒരു കാരണവശാലും സ്കൂളുകളിൽ നിന്നും സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുവാൻ പാടുള്ളതല്ല.

13. സ്കൂൾ മാറി സമർപ്പിക്കുന്ന അപേക്ഷകൾ ഡിഫക്ട് (Defect) ആയി രേഖപ്പെടുത്തി നൽകുക.

14. ഏതെങ്കിലും കാരണത്താൽ സ്കൂൾ മാറിയ കുട്ടികൾ, കഴിഞ്ഞ വർഷത്തെ അപേക്ഷ ആദ്യം പിൻവലിച്ച ശേഷം (withdrawal) പുതിയ സ്കൂളിന്റെ പേര് ചേർത്ത് ഓൺലൈനായി പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുക.

15. സൂക്ഷ്മ പരിശോധനയിൽ ഏതെങ്കിലും അപേക്ഷ വ്യാജമായി സമർപ്പിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടാൽ ആ വിവരം സ്കോളർഷിപ്പ് നോഡൽ ഓഫീസറെ അറിയിച്ച ശേഷം നിരസിക്കുക

16. ഏതെങ്കിലും സ്കൂളുകൾ വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയോ, സഹായിക്കുകയോ, സാഹചര്യം സൃഷ്ടിക്കുകയോ ചെയ്തിട്ടുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും, പ്രധമാദ്ധ്യാപകനെതിരെ നിയമാനുസൃത നടപടികൾ കൈകൊള്ളുന്നതും, പ്രസ്തുത സ്കൂളിലെ അർഹരായ മുഴുവൻ വിദ്യാർത്ഥികളെയും ആനുകൂല്യ അർഹതാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതും ആയിരിക്കും.

17. എല്ലാ പ്രധമാധ്യാപകരും അതത് സ്കൂളുകളിലെ ഐ.ടി കോർഡിനേറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി സ്കോളർഷിപ്പ് സംബന്ധമായ നടപടികൾ കൃത്യമായി പൂർത്തിയാക്കേണ്ടതാണ്.

**വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രത്യേകം ശ്രദ്ധയ്ക്ക്**

- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും അവർക്ക് ലഭിച്ചിട്ടുള്ള User ID/Password ഉപയോഗിച്ച്, സ്കൂളുകൾക്ക് ആവശ്യമായി വരുന്ന പക്ഷം അവരുടെ പാസ്‌വേർഡ് റീസെറ്റ് ചെയ്തു നൽകേണ്ടതാണ്.
- എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരുടെ അധികാര പരിധിയിൽപ്പെടുന്ന സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിൽ ലഭിച്ചിട്ടുള്ള സ്കോളർഷിപ്പ് അപേക്ഷകൾ പ്രധമാധ്യാപകർ സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, അംഗവൈകല്യമുള്ള 9,10 ക്ലാസുകളിലെ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, എൻ.എം.എം.സ്കോളർഷിപ്പ് എന്നിവ സംബന്ധിച്ച എല്ലാവിധ ജോലികളും, സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, എല്ലാ ജോലികളും തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ആ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

**എൻ.എസ്.പി യുടെ ഐഡിയും പാസ്‌വേർഡും കൈമാറുന്നത്**
**വ്യാജ അപേക്ഷകൾ രജിസ്റ്റർ ചെയ്യാൻ സഹായകമാകും. ആയതിനാൽ**
**എൻ.എസ്.പി നൽകുന്ന ഐഡി/പാസ്‌വേർഡ് മറ്റാർക്കും കൈമാറി നൽകാതിരിക്കുക.**

**അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**
C.A.SANTHOSH
ADGE (ACADEMIC)

15/10/19

**പകർപ്പ് :-**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ ഓഫീസർമാർക്കും
4) എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂൾ പ്രധമാധ്യാപകർക്കും/പ്രിൻസിപ്പാൾമാർക്കും

} എല്ലാ പ്രധമാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്

5) ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ്, പൂജപ്പുര,

} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.